ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം – സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ജീവനക്കാര്യം (ഇബി2) വിഭാഗം

നം. DTETVM/2823/2026-EB2 (EB) തീയതി: **18-11-2026**

പരാമർശം:-1. **21.08.2026** ലെ **DTETVM/2823/2026-EB2** നമ്പർ സ്ഥലംമാറ്റ ഉത്തരവ്.

2 **06.11.2026** ലെ ഷൊർണ്ണൂർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ കത്ത്.

3 ശ്രീമതി. സ്മിത. പി. ടി. എം, ട്രേഡ് ഇൻസ്ട്രക്ടർ സമർപ്പിച്ച അപേക്ഷ

.

ഉത്തരവ്

സൂചന (1) പ്രകാരം ചേലക്കര ഗവ. പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് - II ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. പ്രിയ ബി. (പെൻ - **716457**) യെ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു. എന്നാൽ ടി ജീവനക്കാരി നാളിതുവരെ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് സൂചന (2) പ്രകാരം സ്ഥാപനമേധാവി അറിയിച്ചിരിക്കുന്നു. നിലവിൽ പാലക്കാട്, ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയ ശ്രീമതി. സ്മിത. പി. ടി. എം (പെൻ - **782433**), ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. പ്രിയ. ബി, ട്രേഡ് ഇൻസ്ട്രക്ടറെ സ്ഥലം മാറ്റി കൊണ്ടുള്ള സൂചന (1) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കി ടിയാളെ തൃശ്ശൂർ, ചേലക്കര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ നിലനിർത്തിയും ശ്രീമതി. സ്മിത. പി. ടി. എം നെ ടിയാളുടെ അപേക്ഷ പ്രകാരം ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

മുകളിൽ സൂചിപ്പിച്ച ഭേദഗതിയോടു കൂടി സൂചന (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Digitally signed by
Savier J S
Date: 18-11-2026
16:31:28

DR.SAVIER J S
DIRECTOR (SPFU)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി